പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ

1117. [1692] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗങ്ങളെ ദാരിദ്ര്യരേഖയ്ക്കു മുകളിൽ കൊണ്ടുവരുന്നതിനു ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ ഗവൺമെൻറിനു എന്തു പദ്ധതിയാണുള്ളത് ?

ഉത്തരം

ഇരുപതിന പരിപാടിയിൽ 7-ാം ഇനം പട്ടികജാതി–പട്ടികവർഗ്ഗത്തിൽപ്പെട്ടവർക്ക് ദാരിദ്ര്യ രേഖയ്ക്കു മുകളിൽ വരാൻ സാധിക്കത്തക്കവിധം ധനസഹായം നൽകുക എന്നുള്ളതാണ്. പ്രത്യേകഘടക പദ്ധതിപ്രകാരവും ഗിരിവർഗ്ഗ ഉപ പദ്ധതിപ്രകാരവും പല പദ്ധതികളും ഇക്കാര്യത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്.

അവ താഴെപ്പറയുന്നു :

1. പട്ടികജാതി വികസനവകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

(1) മിശ്രവിവാഹിതർക്ക് 2,000 രൂപ വരെ ധനസഹായം നൽകുന്നു.

(2) സ്വയംതൊഴിൽ കണ്ടെത്താൻ 15,000 രൂപ വരെ പലിശ രഹിത വ്യവസായ വായ്പ നൽകുന്നു.

2. പട്ടികവർഗ്ഗ വികസന വകുപ്പു നടപ്പിലാക്കുന്ന പദ്ധതികൾ

(1) കുഗ്രാമങ്ങളിലെ കുടുംബങ്ങളുടെ സാമ്പത്തികോന്നമനത്തിനുള്ള പരിപാടികൾ.

(2) സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 2,000 രൂപ വരെ ധനസഹായം നൽകുന്നു. സാമ്പത്തിക സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുവാൻ സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്നു.

(3) പ്രത്യേക കേന്ദ്രസഹായമുപയോഗിച്ച് ഉഴവുമാടുകൾ, ആടുകൾ, കന്നുകുട്ടികൾ എന്നിവ വാങ്ങി നൽകുന്നു. ഭൂമി ഇല്ലാത്തവർക്ക് ഭൂമി വാങ്ങി കൊടുക്കുന്നു.

(4) സ്ത്രീകൾക്ക് അനുയോജ്യമായ തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കി കൊടുക്കുന്നു.

(5) കുടിയൊഴിപ്പിക്കപ്പെട്ട പട്ടികവർഗ്ഗ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നു.

3. പട്ടികജാതി–പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ :

(1) കൃഷിഭൂമി വാങ്ങാൻ 15,000 രൂപ വരെ വായ്പ നൽകിയിരുന്നു.

(2) വിദേശത്ത് ജോലിക്കുപോകാൻ വായ്പ നൽകുന്നു.

(3) സ്വയംതൊഴിൽ കണ്ടെത്താൻ വായ്പ നൽകുന്നു.

(4) ബാങ്കുകൾ വഴി വായ്പ ലഭിക്കുവാൻ സൗകര്യമുണ്ടാക്കി കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

4. പ്രത്യേക ഘടന പദ്ധതി പ്രകാരവും ഗിരിവർഗ്ഗ ഉപപദ്ധതി പ്രകാരവും വിവിധ വകുപ്പുകളും സഹായങ്ങളും എത്തിക്കുന്നുണ്ട്.

അവ താഴെപ്പറയുന്നവയാണ്.

വ്യവസായ വകുപ്പ്, വ്യവസായ സംരംഭങ്ങൾക്കും വ്യവസായ സഹകരണ സംഘങ്ങൾക്കും ധനസഹായം നൽകുന്നു. മൃഗസംരക്ഷണ വകുപ്പ് കോഴികളെയും ആടുമാടുകളെയും വിതരണം ചെയ്യുന്നു. കൈത്തറിവികസന വകുപ്പിൽ നിന്നും തറികളും വിതരണം ചെയ്യുന്നു. നെയ്ത്ത് സൊസൈറ്റികൾക്ക് ധനസഹായം നൽകുന്നു. നെയ്ത്ത് പരിശീലനം നൽകുന്നു. വീടോടുചേർന്ന് വർക്ക് ഷെഡുകൾ നിർമ്മിച്ചു നൽകുന്നു. ഖാദി ഗ്രാമവ്യവസായ ബോർഡ് ഖാദി യൂണിറ്റുകൾ സ്ഥാപിച്ചു കൊടുക്കുന്നു. ക്ഷീര വികസന വകുപ്പ് കന്നുകാലികളെ നൽകുകയും തൊഴുത്തു നിർമ്മിച്ചു കൊടുക്കുകയും ചെയ്യുന്നു. സഹകരണ വകുപ്പ് പട്ടികജാതി-പട്ടികവർഗ്ഗ സഹകരണസംഘങ്ങൾക്ക് പ്രവർത്തന മൂലധനം, ഓഹരി മൂലധനം എന്നിവയ്ക്ക് ധനസഹായം നൽകുന്നു. മാനേജീരിയൽ സബ്സിഡി നൽകുന്നു. വായ്പകൾക്ക് പലിശയിളവ് നൽകുന്നു. ഫിഷറീസ് വകുപ്പ് കൊഞ്ചുവളർത്തൽ, തുഞ്ചുവളർത്തൽ, വല എന്നിവ വിതരണം ചെയ്യുന്നു. മിനി ലോറി, ഓട്ടോ കാരിയർ എന്നിവ ലഭ്യമാക്കുന്നു. ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന സംയോജിത ഗ്രാമവികസന പദ്ധതിയിലൂടെ പലതരത്തിലുള്ള സഹായങ്ങൾ നൽകുന്നു.

5. ഇവയ്ക്കു പുറമെ സ്വയം തൊഴിൽ കണ്ടെത്താനുതകുന്ന രീതിയിൽ ഷെഡ് നിർമ്മാണം, ടൂ വീലർ റിപ്പയറിംഗ്, കംപ്യൂട്ടർ പ്രോഗ്രാമിംഗ്, ഫൊവിഡ്യൂട്ടി ഡ്രൈവിംഗ്, സർവ്വെ, ഡ്രില്ലിംഗ്, റേഡിയോ, ടി. വി., വീഡിയോ എന്നിവയുടെ അറ്റകുറ്റപ്പണികൾ, കളിപ്പാട്ടങ്ങൾ നിർമ്മിക്കൽ, പെയിന്റിംഗ്, മേച്ചിലോലകളുടെ സംസ്കരണം തുടങ്ങിയവയിൽ പരിശീലനവും നൽകുന്നുണ്ട്.

മിശ്ര വിവാഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കുള്ള ധനസഹായം

1118. [1693] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം മിശ്ര വിവാഹിതരായ എത്ര പട്ടികജാതി-പട്ടികവർഗ്ഗക്കാർക്ക് മിശ്ര വിവാഹിതർക്കുള്ള ധനസഹായം നൽകാനുണ്ട് ;

(ബി) 1985-86-ൽ എത്ര പേർക്ക് സഹായം നൽകി ?

ഉത്തരം

(എ) 354 പേർക്ക്

(ബി) 624 പേർക്ക്

പട്ടികജാതി വികസന കോർപ്പറേഷൻ നാവായിക്കുളം പഞ്ചായത്തിൽ ചെലവഴിച്ച തുക

1119. [1694] ശ്രീമതി ഗൗരിഭായി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വികസന കോർപ്പറേഷൻ മുഖേന 1982 ഏപ്രിൽ 1 മുതൽ 1986 സെപ്റ്റംബർ 30 വരെ കിളിമാനൂർ നിയോജക മണ്ഡലത്തിൽ

LIBRARY ARCHIVES Kerala Legislative Assembly